നമ്പർ : എം.പി. (5) 5292/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തിയതി : 12.06.2009

## സർക്കുലർ നമ്പർ - 17/09

വിഷയം : സഹകരണവകുപ്പ് - കേരള സംസ്ഥാന സഹകരണ റബ്ബർ വിപണന ഫെഡറേഷൻ ക്ലിപ്തം (റബ്ബർ മാർക്ക്) ഉത്പാദിപ്പിക്കുന്ന/വിപണനം നടത്തുന്ന രാസജൈവവളങ്ങൾ, വാങ്ങി വിപണനം നടത്തുന്നതിനായി സഹകരണസംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന : റബ്ബർമാർക്ക് പ്രസിഡന്റിന്റെ 18.01.2009 ലെ നിവേദനം.

കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയുള്ളതും, സഹകരണ റബ്ബർ വിപണന മേഖലയിലെ അപ്പക്സ് സ്ഥാപനവുമായ കേരള സംസ്ഥാന സഹകരണ റബ്ബർ വിപണന ഫെഡറേഷൻ ഉത്പാദിപ്പിക്കുന്ന വിവിധ തരത്തിലുള്ള രാസ ജൈവ വളങ്ങൾ വാങ്ങി വിൽപ്പന നടത്തുന്നതിനായി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഫെഡറേഷൻ പ്രസിഡന്റ് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

കൃഷി വകുപ്പിന്റെ അംഗീകാരത്തോടു കൂടിയാണ് വളം ഉത്പാദനം നടത്തുന്നതെന്നും, സ്വന്തം ലാബിലും, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലും പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തിയ വളങ്ങളാണ് വിപണനം നടത്തി വരുന്നതെന്നുമാണ് ഫെഡറേഷൻ അറിയിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ, കേരള സംസ്ഥാന സഹകരണ റബ്ബർ വിപണന ഫെഡറേഷന്റെ പ്രസ്തുത സംരംഭത്തിൽ, വളം വിപണനത്തിൽ ഏർപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സഹകരിയ്ക്കണമെന്ന് താത്പര്യപ്പെടുന്നു.

ഒപ്പ്,
റാണിജോർജ്ജ് ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

1. എല്ലാ ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും
   (സർക്കുലർ നിർദ്ദേശം ജില്ലയിലെ വളം വിൽപ്പന നടത്തുന്ന സഹകരണസംഘങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.)
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്കും.
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജനറൽ & ആഡിറ്റ്).
4. മാനേജിംഗ് ഡയറക്ടർ, റബ്ബർമാർക്ക്, എറണാകുളം.
5. എഡിറ്റർ, സഹകരണവീഥി,
6. എഡിറ്റർ, സഹകരണ ജേർണൽ
7. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
8. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ എന്നിവരുടെ മേശപ്പുറത്ത്.
9. എല്ലാ സെക്ഷൻ തലവൻമാർക്കും.
10. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്)